പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1840 — 06.07.2015 ൽ മറുപടിയ്ക്ക്

## മാഫിയ അതിക്രമങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദൈനംദിനം വളർന്നുവരുന്ന മണൽമാഫിയ, പാറഖനന(ക്വാറി) മാഫിയ സ്പിരിറ്റ് മാഫിയ, പെൺവാണിഭ മാഫിയ, കഞ്ചാവ് മാഫിയ, ഡി.ജെ പാർട്ടി നടത്തിപ്പ മാഫിയ, മനുഷ്യക്കടത്ത്/ കുട്ടികളെ കടത്ത് മാഫിയ, ബ്ലേഡ് മാഫിയ, അന്യസംസ്ഥാന തൊഴിലാളി ക്രിമിനലുകളുടെ മാഫിയാ, പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന ഹോട്ടൽ മാഫിയ, എന്നിവരുടെ പ്രവർത്തനം നാൾക്കുനാൾ വർധിക്കുന്നതു നിയന്ത്രിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്ന സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. 'ഓപ്പറേഷൻ സുരക്ഷ', 'ഓപ്പറേഷൻ കുബേര' എന്നീ പദ്ധതികളിലൂടെ ക്രിമിനലുകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്കു വിധേയമായവരിൽ നിന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കേസ്സുകൾ സംസ്ഥാനത്തു വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റുചെയ്യുവാനുണ്ട് ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ | (ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്കു വിധേയമായമായവരിൽ നിന്നും 2011-12-ൽ 2 കേസുകളും, 2012-13-ൽ 6 കേസുകളും, 2013-2014-ൽ 3 കേസുകളും, 2014-15-ൽ 4 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 15 കേസുകളിലും പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ഇത്തരം വിവിധ മാഫിയാ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര പോലീസ് /മറ്റു സർക്കാർ ജീവനക്കാരുടെ പേരിൽ പരാതികളും, പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഉണ്ട്, എത്രപേരെ അറസ്റ്റു ചെയ്തു ; ഇനി എത്രപേരെ അറസ്റ്റു ചെയ്യുവാനുണ്ട് ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (സി) വിവിധ മാഫിയാ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കെതിരെയോ, മറ്റു സർക്കാർ ജീവനക്കാരുടെ പേരിലോ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവരിൽ പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഇല്ല. |
| (ഡി) ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്കു വിധേയമായി മരണപ്പെട്ടവർ, വീടുനഷ്ടപ്പെട്ടവർ, അക്രമണത്തിനു വിധേയമായി ആശുപത്രിയിൽ ചികിത്സതേടേണ്ടിവന്നവർ ആരെല്ലാം എന്നും 2011-12 മുതൽ 2015-16 വർഷം വരെയുള്ള വിശദാംശം ജില്ലതിരിച്ച് വ്യക്തമാക്കുമോ? | (ഡി) ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്ക് വിധേയമായി ആരും മരണപ്പെടുകയോ, ആർക്കും വീട് നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവരുടെ വിശദവിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ